**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2830** **10-03-2025 - ൽ മറുപടിയ്ക്ക്**

**സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ പരിരക്ഷാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ പരിരക്ഷാ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര പേർക്ക് ചികിത്സാ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | **സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ വഴിയുള്ള ചികിത്സാ ആനുകൂല്യം അനുവദിച്ച് നൽകിയത് സംബന്ധിച്ച വിവരം ആരോഗ്യം, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു.**<br><br>**ബഹു പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം 16141 പേർക്ക് നാളിതുവരെ ചികിത്സാ ധനസഹായം അനുവദിച്ച് നല്കിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഏക വരുമാനദായകന്റെ മരണത്താൽ കഷ്ടതയനുഭവിക്കുന്ന എത്ര കുടുംബങ്ങൾക്ക് 2022-2024 കാലയളവിൽ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | ബഹു.പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും, ഏകവരുമാനദായകന്റെ മരണം മൂലം കഷ്ടതയനുഭവിക്കുന്ന 163 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 2022-23 മുതൽ 2023-24 വരെയുള്ള കാലയളവിൽ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യം ഉറപ്പാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | **പട്ടികവർഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധി**<br><br>പട്ടികവർഗ സങ്കേതങ്ങളിലുള്ള രോഗികൾക്കു മറ്റു ദുരിതം അനുഭവിക്കുന്നവർക്കും ബഹു.വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ഗുണഭോക്താവിന് കുടുംബവാർഷികവരുമാനം 1,00,000/- രൂപയിൽ താഴെ ആയിരിക്കണം. ക്യാൻസർ, വൃക്കരോഗം, ഹൃദയ ശസ്ത്രക്രിയ തുടങ്ങിയ മാരകമായ രോഗചികിത്സക്ക് 1 ലക്ഷം രൂപ വരെയും മറ്റ് രോഗങ്ങൾക്ക് രോഗങ്ങളുടെ തീവ്രത പരിഗണിച്ച് 50,000/- രൂപ വരെയും ധനസഹായം ഈ പദ്ധതി മുഖേന അനുവദിച്ച് വരുന്നു. കുടുംബത്തിന്റെ ഏക |

വരുമാനദായകന് മരണം സംഭവിച്ചാൽ ടിയാന്റെ/ ടിയാളുടെ കുടുബത്തിന് നിബന്ധനകൾക്ക് വിധേയമായി 2,00,000/- രൂപവരെ ഈ പദ്ധതി വഴി അനുവദിക്കുവുന്നതാണ്. അസുഖങ്ങളെകൊണ്ട് കഷ്ടപ്പെടുന്ന പട്ടികവർഗക്കാർക്ക് 1 ലക്ഷം രൂപ വരെ പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറുടെ ശുപാർശയിന്മേൽ സർക്കാർ ഉത്തരവ് പ്രകാരം നൽകിവരുന്നു. കൂടാതെ പ്രകൃതിക്ഷോഭം, തീപിടുത്തം മുതലായവ മൂലം വീടിനും വസ്തുവകകൾക്കും നാശനഷ്ടം ഉണ്ടാകുന്ന പട്ടികവർഗക്കാർക്ക് 50,000/- രൂപ വീതം നിബന്ധനകൾക്ക് വിധേയമായി നൽകി വരുന്നു.

മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുള്ള സാമ്പത്തികസഹായം, രോഗികളെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുവാനുള്ള സഹായം, ഡോക്ടറുടെ നിർദ്ദേശപ്രകാരം പോഷകമൂല്യങ്ങളുള്ള ആഹാരം ലഭ്യമാക്കൽ, ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ ലഭ്യമാക്കൽ, ആകസ്മിക മരണങ്ങൾ സംഭവിക്കുന്ന പക്ഷം പോസ്റ്റ്മോർട്ടത്തിന് ആവശ്യമായ ചെലവുകൾ, അത്യാഹിതങ്ങൾ/ അപകടങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സഹായനിധി തുടങ്ങിയവയാണ് പ്രധാന ഘടകങ്ങൾ.

**സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി**

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതിയാണിത്. എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10000/- രൂപവരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജ്, ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾ, തിരുവനന്തപുരത്ത ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, റീജിയണൽ കാൻസർ സെന്റർ, ശ്രീ. അവിട്ടംതിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി എന്നീ സ്ഥാപനങ്ങൾ വഴി സൗജന്യ ചികിത്സനൽകി വരുന്നു. ചികിത്സാ ചെലവ് 50000/- രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി ഉത്തരവിലൂടെ ചികിത്സാചെലവ് അനുവദിക്കുന്നു.

ആശുപത്രിയിൽ സൗജന്യമായി ലഭ്യമല്ലാത്ത മരുന്നുകൾ ആശുപത്രിയോട് അനുബന്ധിച്ചുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രി വികസന സമിതിയുടെ അധീനതയിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭ്യമല്ലാത്ത മരുന്നുകൾ പുറത്ത് മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രികളിൽ നിന്നുള്ള ലാബ് ടെസ്റ്റിന്റെ ചെലവുകൾ, സർക്കാർ ആശുപത്രികൾ/ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി ലഭ്യമാകാത്ത ലാബ് ടെസ്റ്റുകൾ പുറത്ത് നിന്നുള്ള സ്ഥാപനങ്ങളിൽ നിന്നും ചെയ്യുന്നതിനുള്ള ചെലവ്, രോഗികൾക്ക് ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടി വരുന്ന ചികിത്സാ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ പുറത്തുനിന്നും ലഭ്യമാക്കുന്നതിനുള്ള ചെലവ്, രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനും അവശരായ രോഗികളെ ചികിത്സ കഴിഞ്ഞ് വീട്ടുകളിൽ എത്തിക്കുന്നതിനും, മരണമടഞ്ഞവരുടെ മൃതദേഹം വീട്ടുകളിൽ എത്തിക്കുന്നതിനും വേണ്ടി വരുന്ന യഥാർത്ഥ ആംബുലൻസ്/വാഹന വാടക, ആശുപത്രികളിൽ രോഗികളായവർക്ക് സൗജന്യഭക്ഷണം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150 വരെയുള്ള ചെലവ് ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പിനായി തങ്ങുന്ന ഒരാൾക്ക് പ്രതിദിനം 200/- രൂപ വരെയുള്ള ചെലവ് എന്നിവ അനുവദിച്ചു നൽകുന്നു.

**സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം**

വയനാട്, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, ജില്ലകളിലെ പട്ടികവർഗക്കാർക്കിടയിൽ കണ്ടുവരുന്ന ഒരു പാരമ്പര്യ രോഗമാണ് സിക്കിൾസെൽ അനീമിയ അഥവാ അരിവാൾ രോഗം. 5 ജില്ലകളിലുമായി ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാരിൽ നിന്നും ലഭ്യമായ വിവരപ്രകാരം നിലവിൽ 930 സിക്കിൾസെൽ അനീമിയ രോഗികളാണുള്ളത്. ഇത്തരം രോഗികൾക്ക് ഒരു സാന്ത്വനമെന്ന നിലയിലും അവർക്ക് അത്യാവശ്യമരുന്നുകളും, പോഷകാഹാരങ്ങളും വാങ്ങുന്നതിനായി പ്രതിമാസം 2500/- രൂപ നിരക്കിൽ 2225-02-282-92 (പ്ലാൻ) ശീർഷകത്തിൽ നിന്നും ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്.

കൂടാതെ സിക്കിൾ സെൽ അനീമിയ രോഗികൾക്ക് അവരുടെ ജീവിതവരുമാനം വർദ്ധിപ്പിക്കുന്നതിനായി പരമാവധി 2,00,000/- രൂപ വരെ ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവ് (സാധാ) നം.199/2024/ പജപവവിവ തീയതി.16/03/2024 പ്രകാരം പദ്ധതി നടത്തിപ്പിനായി അംഗീകാരം ലഭ്യമായിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു .

**ജനനീ ജന്മരക്ഷാ പദ്ധതി**

എ.പി.എൽ./ബി.പി.എൽ. ഭേദമന്യേ കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് രൂപീകരിച്ച ജനനി രക്ഷാ പദ്ധതിയിലൂടെ ടി വിഭാഗക്കാർക്ക് സമ്പൂർണ്ണ പോഷകാഹാരം ഉറപ്പാക്കുകയാണ് വകുപ്പ ലക്ഷ്യമിടുന്നത്. നവജാത ശിശു മരണം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനും മെച്ചപ്പെട്ട ആരോഗ്യ സ്ഥിതിയിലുള്ള ശിശുക്കൾ പിറവിയെടുക്കുന്നതിനും അവരെ പരിപാലിക്കുന്ന അമ്മമാർക്ക് സമ്പൂർണ്ണ ആരോഗ്യം ഉറപ്പാക്കുകയെന്നതും ഇതിലൂടെ ലക്ഷ്യമിടുന്നു.

ഗർഭസ്ഥ ശിശുവിന്റെ 3-ാം മാസം മുതൽ കുട്ടിയ്ക്ക് 1 വയസ്സ് ആകുന്നതുവരെയുള്ള കാലയളവ് (18 മാസം) പ്രതിമാസം ₹2000/- രൂപ നിരക്കിൽ ഗുണഭോക്താക്കൾക്ക് തുക നേരിട്ട് ലഭ്യമാക്കുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മികച്ച രീതിയിലുള്ള പോഷകാഹാരം ലഭ്യമാക്കുക എന്നതിലൂടെ ആരോഗ്യമുള്ള കുഞ്ഞുങ്ങളെ പ്രസവിച്ച് സംരക്ഷിക്കുന്നതിന് സാധ്യമാകുന്നു. ഗുണഭോക്താക്കൾക്ക് ആവശ്യമായ പോഷകാഹാരം അവരുടെ ഇഷ്ടാനുസരണം വാങ്ങി ഭക്ഷിക്കുന്നതിനാണ് ടി തുക ചെലവഴിക്കുന്നത്.

**ട്രൈബൽ പാരാമെഡിക്സ് ട്രെയിനി**

പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പുമായി ചേർന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള നേഴ്സിംഗ് ഉൾപ്പെടെയുള്ള വിവിധ പാരാമെഡിക്കൽ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവരെ പട്ടികവർഗ്ഗ മേഖലയിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആരോഗ്യകേന്ദ്രങ്ങളിൽ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കുന്ന നൂതന പദ്ധതിയാണ്

"ട്രൈബൽ പാരാമെഡിക്സ്" ട്രെയിനി പദ്ധതി. ഇത്തരത്തിൽ നിയമനം നടത്തുക വഴി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ ആരോഗ്യ രംഗത്തുള്ള പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ സാധിക്കും. ഇതോടൊപ്പം തന്നെ പ്രായോഗിക പരിചയം ഇല്ലാത്തതിന്റെ പേരിൽ തൊഴിൽ ലഭിക്കാത്തതുമായ നിരവധി പേർക്ക് തൊഴിൽ പരിശീലനത്തോടൊപ്പം വരുമാനം ലഭ്യമാക്കാൻ സാധിക്കും.

**കാറ്റാടി KATADI Initiative (Kerala Accelerated Tribal Ability Development & Inclusion Initiative).**

സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ പട്ടികവർഗക്കാർക്ക് അവരുടെ വൈകല്യങ്ങൾ തരണം ചെയ്യുന്നതിന് വീൽചെയർ, ശ്രവണ സഹായി ഉൾപ്പെടെയുള്ള സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും, ബോധവൽകരണം നൽകുന്നതിനുമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് KATADI . സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പും കേന്ദ്ര സാമൂഹ്യ നീതി മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന CRC (കോംപോസിറ്റ് റീജിയണൽ സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ്, റീഹാബിലിറ്റേഷൻ& എംപവർമെന്റ് ഓഫ് പേർസൺ വിത്ത് ഡിസെബിലിറ്റീസ്), കോഴിക്കോട് എന്ന സ്ഥാപനവും സംയോജിതമായാണ് പദ്ധതി നടപ്പാക്കുന്നത്. എ.ഡി.ഐ.പി (അസിസ്റ്റൻസ് ടു ഡിസേബിൾഡ് പേഴ്സൺ ഫോർ പർച്ചേസിംഗ്, ഫിറ്റിങ് ഓഫ് എയ്ഡ്സ്, അപ്ലയൻസ് ) പദ്ധതി വഴി സംസ്ഥാനത്താകെ 1000 ഭിന്നശേഷിക്കാരായ പട്ടികവർഗ്ഗക്കാർക്ക് സി.ആർ.സി സഹായക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

ഇത്തരത്തിൽ ഭിന്നശേഷി നേരത്തെ മനസിലാക്കി ഇടപെടുന്നത് മൂലം വൈകല്യങ്ങളെ ലഘൂകരിക്കാനും, ഇവർക്ക് സഹായകഉപകരണങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടുള്ള ഗുണങ്ങളെപറ്റി അവബോധമുണ്ടാക്കാനും ഇതിലൂടെ ഇവർക്ക് മെന്റൽ സപ്പോർട്ട് നൽകാനും സാധിക്കുന്നതാണ്. നിലവിൽ പദ്ധതി ആദ്യഘട്ടത്തിൽ വയനാട്, കോഴിക്കോട് ജില്ലകളിലാണ് നടപ്പിലാക്കുന്നത്. തുടർന്ന് പദ്ധതി സംസ്ഥാനത്താകെ നടപ്പിലാക്കുന്നതാണ്. 40 % അധികം വൈകല്യമുള്ള പ്രതിമാസ വരുമാനം 20,000/- രൂപയിൽ കുറവായ എല്ലാ

ഭിന്നശേഷിക്കാരായ പട്ടികവർഗ്ഗക്കാർക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാവുന്നതാണ്.

**മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ**

ഇടുക്കി, തിരുവനന്തപുരം, പാലക്കാട് ജില്ലകളിലെ മൂലമറ്റം, നെടുമങ്ങാട്, അട്ടപ്പാടി എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

KMSCL (Kerala Medical Services Corporation Limited) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാല ക്കാട് (2 - എണ്ണം) കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, കണ്ണൂർ, വയനാട് (2 എണ്ണം) എന്നീ ജില്ലകളിൽ ആകെ 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളിൽ ഡോക്ടർ, നഴ്സ്, ലാബ്ടെക്നീഷ്യൻ എന്നിവരുടെ സേവനം ലഭ്യമാണ്. കൂടാതെ വിവിധ ലാബ് ടെസ്റ്റുകൾക്കുള്ള സൗകര്യവും പ്രസ്തുത യൂണിറ്റുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. എല്ലാ കോളനികളിലും മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി ജില്ലാ ഓഫീസർമാരുടെ മേൽനോട്ടത്തിൽ ഷെഡ്യൂൾ തയ്യാറാക്കുകയും അതിൻ പ്രകാരം കോളനി സന്ദർശനം നടത്തുകയും ചെയ്യുന്നു.

**ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും**

പട്ടികവർഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി.ക്ലിനിക്കുകളും ആറളത്ത് ഒരു ആയൂർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു.

ഇടുക്കി ജില്ലയിൽ വെള്ളക്കയം കോവിൽക്കടവ് എന്നീ സ്ഥലങ്ങളിൽ ഒ.പി.ക്ലിനിക്കുകളും തൃശ്ശൂർ ജില്ലയിൽ മലക്കപ്പാറയിൽ ഒരു ഒ.പി.ക്ലിനിക്കും അട്ടപ്പാടിയിൽ ഇലച്ചിവഴി, പാടവയൽ എന്നീ ഇടങ്ങളിൽ ഓരോ ഒ.പി.ക്ലിനിക്കു വീതവും പ്രവർത്തിക്കുന്നു. പട്ടികവർഗ വികസന വകുപ്പിനു കീഴിൽ 3 ANM സെന്ററുകൾ പ്രവർത്തിക്കുന്നു. (Auxilary Nurse & Mid-wifery Centre)

**ആംബുലൻസ് സേവനം**

പട്ടികവർഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ ഐ.റ്റി.ഡി.പി. വയനാട്, ട്രൈബൽ ഡെവലപ്പ്മെന്റ്

ഓഫീസ് മാനന്തവാടി, ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് സുൽത്താൻ ബത്തേരി എന്നീ ഓഫീസുകളുടെ നിയന്ത്രണത്തിൽ 6 ആംബുലൻസുകൾ (ഓരോയിടത്തും 2 വീതം), അട്ടപ്പാടി ഐ.റ്റി.ഡി.പി ഓഫീസിന് കീഴിൽ 1 ആംബുലൻസുകളും പട്ടികവർഗ്ഗ വിഭാഗക്കാരായ രോഗികളെ കോളനികളിൽ നിന്നും മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഉൾപ്പെടെ വിവിധ ആശുപത്രികളിലേയ്ക്കും ചികിത്സ കഴിഞ്ഞവരെ തിരികെ കോളനികളിൽ എത്തിക്കുന്നതിനും ഉപയോഗത്തിലുണ്ട്.

**മോഡൽ റസിഡൻഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ഹെൽത്ത് കാർഡ്**

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ആരോഗ്യ, പോഷക നിലവാരങ്ങൾ യഥാസമയം പരിശോധിച്ച് രേഖപ്പെടുത്തുന്നതിനും ഇതുവഴി വളർച്ചയുടെ ഘട്ടങ്ങൾ ശാസ്ത്രീയമായി അപഗ്രഥനം ചെയ്യുന്നതിനുമായി UNICEF, ആരോഗ്യ വകുപ്പിലെ ശിശുസംരക്ഷണ വിഭാഗത്തിലെ വിദഗ്ധർ, ന്യൂട്രിഷ്യനിസ്റ്റ് എന്നിവരുടെ സഹായത്തോടെ ഒരു സമഗ്ര മെഡിക്കൽ റെക്കോർഡ് വകുപ്പ് തയ്യാറാകുകയും സംസ്ഥാനത്ത് വകുപ്പിന് കീഴിലുള്ള എല്ലാ MRS കളിലും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാരായ യുവതീ യുവാക്കളിൽ ഉണ്ടാകാവുന്ന ആരോഗ്യ പ്രശ്നങ്ങൾ തുടക്കത്തിൽത്തന്നെ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ഇതുവഴി സാധിക്കുന്നു.

**ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട് വയനാട്**

വയനാട് ജില്ലയിൽ പട്ടികവർഗ വിഭാഗത്തിലുള്ള ആളുകൾക്ക് മാനസിക പരിചരണവും പുനരധിവാസവും നൽകുന്നതിനായി കോഴിക്കോട് IMHANS മുഖേന സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കിയിരുന്ന പദ്ധതിയായിരുന്നു ട്രൈബൽ മെൻറൽ ഹെൽത്ത് പ്രോജക്ട്. പട്ടികവർഗ വിഭാഗങ്ങളിലെ ആളുകളുടെ മാനസികാരോഗ്യ പരിചരണവും പുനരധിവാസവും ലക്ഷ്യമാക്കി നടപ്പാക്കിവരുന്ന ഈ പദ്ധതി മറ്റ് മാനസികാരോഗ്യ പരിപാടികൾ, ആശുപത്രികൾ, എൻ.ജി.ഒ. എന്നിവർ എത്താത്ത ഇടങ്ങളിലെ മാനസിക വെല്ലുവിളി നേരിടുന്ന ആളുകളെ അവരുടെ ഊരുകളിൽ എത്തി കണ്ടെത്തി ചികിത്സയും മറ്റ് അനുബന്ധ

| | | | |
|---|---|---|---|
| | | | പുനരധിവാസവും മാനസികാരോഗ്യ പരിപാലനവും നൽകുന്നതിന് ലക്ഷ്യം വെച്ചുള്ളതാണ്. വയനാട് ജില്ലയിലെ ആദിവാസി വിഭാഗങ്ങളിലെ ആളുകളുടെ മാനസികാരോഗ്യ പരിചരണവും പുനരധിവാസവും ലക്ഷ്യമാക്കി 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ ടി പദ്ധതി 2019-20 വരെ നടപ്പിലാക്കിയിരുന്നു. പ്രസ്തുത പദ്ധതി 2021-22 സാമ്പത്തികവർഷം മുതൽ പട്ടികവർഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് സാമൂഹ്യ നീതി വകുപ്പ് അഭ്യർത്ഥിക്കുകയും തുടർന്ന് വകുപ്പ് വിജയകരമായി നടപ്പിലാക്കി വരികയും ചെയ്യുന്നു |

സെക്ഷൻ ഓഫീസർ